# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: **4118**

**25.06.2014** ൽ മറുപടിക്ക്

<u>പ്രധാന നദികൾ മാലിന്യമുക്തമാക്കുന്നതിന് പദ്ധതി</u>

<u>ചോദ്യം</u>

ശ്രീ. മുല്ലക്കര രത്നാകരൻ

കേരളത്തിലെ പ്രധാന നദികളെ മാലിന്യമുക്തമാക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>മറുപടി</u>

<u>ശ്രീ.പി.ജെ.ജോസഫ്</u>
<u>(ജലവിഭവവകുപ്പ് മന്ത്രി)</u>

ഉണ്ട്. സംസ്ഥാനത്തെ നദികളുടെയും തണ്ണീർത്തടങ്ങളുടെയും സമഗ്രവും സുസ്ഥിരവുമായ സംരക്ഷണം ലക്ഷ്യമിട്ട് സ്റ്റേറ്റ് റിവർ & വെറ്റ്ലാൻഡ് അതോറിറ്റി, റിവർ ബേസിൻ ബോർഡ്, വെറ്റ് ലാൻഡ് ഡവലപ്മെന്റ് ബോർഡ് എന്നിവ രൂപീകരിക്കുന്നതിന് കേരള ഇറിഗേഷൻ & വാട്ടർ കൺസർവേഷൻ അമെൻഡ്മെന്റ് ബിൽ 2013 ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ബില്ലിന് നിയമപ്രാബല്യം കൈവന്നാൽ ഇവയെല്ലാം രൂപീകരിക്കാൻ സാധിക്കുന്നതാണ്. കൂടാതെ RITES എന്ന സ്ഥാപനത്തെ പരീക്ഷണാർത്ഥം കരമന കിള്ളിനദികളിലെ മലിനീകരണ പ്രശ്നങ്ങൾ പഠിച്ച് പരിഹാരങ്ങൾക്കുള്ള പദ്ധതി തയ്യാറാക്കി നടപ്പിലാക്കാൻ ചുമതലപ്പെടുത്തിയിട്ടുണ്ട്. പമ്പ ആക്ഷൻ പ്ലാനിൽപെടുത്തി പമ്പാനദിയിലെ മാലിന്യ നിർമ്മാർജ്ജനം നടപ്പിലാക്കുന്നുണ്ട്. ജല സ്രോതസ്സുകളുടെ മലിനീകരണം തടയുന്നതിനായി നിലവിൽ വന്ന ജല (ജലമലിനീകരണ നിവാരണവും നിയന്ത്രണവും) നിയമം, 1974 സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് വഴി നടപ്പിലാക്കി വരുന്നു. കൂടാതെ പഞ്ചായത്ത് രാജ് ആക്ട് പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും നടപടികൾ എടുത്തു വരുന്നു.

സെക്ഷൻ ഓഫീസർ